(ബി) അത് എത്ര റോഡുകൾക്കെന്നും ഏതെല്ലാം ജില്ലകൾക്കെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇതിന് പ്രത്യേക കാരണമൊന്നുമില്ല.

(ബി)

തിരുവനന്തപുരം	26
കൊല്ലം	24
പത്തനംതിട്ട	13
ആലപ്പുഴ	19
കോട്ടയം	18
എറണാകുളം	24
ഇടുക്കി	9
തൃശ്ശൂർ	25
പാലക്കാട്	22
മഞ്ചേരി	20
കോഴിക്കോട്	22
വയനാട്	5
കണ്ണൂർ	21
കാസർഗോഡ്	8
ആകെ	256

നീതിമേള

129 [179] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ :

,, എം. എം. ഹസ്സൻ :

,, കെ. കെ. ശ്രീനിവാസൻ :

,, ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സഭയേ മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര നീതിമേളകൾ നടന്നിട്ടുണ്ട് ; എവിടെയെല്ലാം ;

(ബി) ഓരോ സ്ഥലത്തും നടന്ന നീതിമേളകളിൽ എത്ര പരാതികൾ ലഭിച്ചു ; എത്ര പരാതികളിൻമേൽ തീർപ്പു കൽപ്പിച്ചു ;

(സി) ഇത്തരം നീതിമേളകളെപ്പറ്റി ജനങ്ങളുടെ പ്രതികരണം എന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) കേരള സംസ്ഥാന നിയമസഹായ ബോർഡിൻറെ ആഭിമുഖ്യത്തിൽ ഈ സംസ്ഥാനത്ത് മൂന്ന് നീതിമേളകൾ നടന്നിട്ടുണ്ട്. അവ തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം എന്നിവിടങ്ങളിലാണ് നടന്നത്.

(ബി) തിരുവനന്തപുരത്ത് 207 പരാതികളും, കോഴിക്കോട്ട് 527 പരാതികളും കോട്ടയത്ത് 379 പരാതികളും ലഭിച്ചു. തിരുവനന്തപുരത്ത് 6-ും കോഴിക്കോട്ട് 29-ും കോട്ടയത്ത് 85-ും പരാതികൾ തീർപ്പാക്കി.

(സി) ഈ നീതിമേളകളെപ്പറ്റി ജനങ്ങളുടെ പ്രതികരണം പ്രോത്സാഹജനകമാണ്.

LIBRARY ARCHIVES Kerala Legislative Assembly